# സാമ്പിൾ ചോദ്യപ്പേപ്പർ

# മലയാളം

PAPER I

# പൊതുപരീക്ഷ ചോദ്യനിർമാണ മാർഗരേഖ

1 പൊതുപരീക്ഷയ്ക്കുള്ള എല്ലാ ചോദ്യങ്ങളും പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

2 വൈവിധ്യമാർന്ന ചിന്താപ്രക്രിയകളിലേക്കു നയിക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

3 ഒന്നിലധികം പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ ബന്ധിപ്പിക്കുന്ന ചോദ്യങ്ങൾക്കുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

4 കുട്ടികൾക്കു ലഭിച്ചിട്ടുള്ള വിവിധ പഠനാനുഭവങ്ങളെ അഭിസംബോധന ചെയ്യുന്ന ചോദ്യങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ.

5 കേവലമായ ഓർമപരിശോധന മാത്രം ലക്ഷ്യമാക്കിയുള്ള ചോദ്യങ്ങൾ ഒഴിവാക്കണം. വിശകലനത്തിനും വിലയിരുത്തലിനും നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനും അവസരമൊരുക്കുന്ന ചോദ്യങ്ങൾക്ക് മുൻഗണനന നൽകണം.

6 ചോദ്യങ്ങൾ ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ളവയാകണം. എല്ലാ ചോദ്യങ്ങളിലും എല്ലാ നിലവാരക്കാർക്കും എത്തിപ്പെടാൻ കഴിയുന്ന തലങ്ങൾ ഉണ്ടാകേണ്ടതാണ്. ഉയർന്ന നിലവാരക്കാർക്ക് മികവു പ്രദർശിപ്പിക്കാനുള്ള അവസരങ്ങളും ഇത്തരം ചോദ്യങ്ങളിൽ നിലനിറുത്താൻ കഴിയണം.

7 ആവശ്യമായ സന്ദർഭങ്ങളിൽ ഉത്തരം എഴുതാൻ വേണ്ട സൂചനകൾ ചോദ്യത്തിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്. ഇതുവഴി പരീക്ഷയ്ക്കുവേണ്ടിയുള്ള കേവലമായ മനപ്പാഠമാക്കലിനെ നിരുത്സാഹപ്പെടുത്താൻ കഴിയും.

8 ഉയർന്ന ചിന്താപ്രക്രിയകൾ പരിഗണിക്കുന്ന ചോദ്യങ്ങൾക്ക് അർഹമായ സ്ഥാനം നൽകണം.

9 നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന ചോദ്യങ്ങൾ മാത്രമേ പൊതുപരീക്ഷയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ

10 ചോദ്യങ്ങൾ സംവേദനക്ഷമവും സംശയത്തിനിടനൽകാത്തതും ആയിരിക്കണം. ഉപയോഗിക്കുന്ന ഭാഷ ലളിതമാവണം.

11 കുട്ടികൾക്ക് പരിചിതമായ ചുറ്റുപാടുകളുമായും ജീവിതവുമായും ബന്ധപ്പെട്ട ചോദ്യങ്ങൾ പരമാവധി ഉൾപ്പെടുത്തുമ്പോൾത്തന്നെ അവ വെല്ലുവിളി ഉയർത്തുന്നതാകാനും ശ്രദ്ധിക്കണം.

12 ഊഹിച്ച് ഉത്തരമെഴുതാൻ കഴിയുന്ന ബഹുവികല്പ ചോദ്യങ്ങൾക്കു (multiple choice) പകരം എഴുതുന്ന ഉത്തരങ്ങൾ കാര്യകാരണ സഹിതം സ്ഥാപിക്കാൻ ആവശ്യപ്പെടുന്ന ഒരു ഭാഗം കൂടെ ഉൾപ്പെടുത്തി ചോദ്യങ്ങളിൽ വൈവിധ്യം വരുത്തേണ്ടതാണ്.

13 സ്ഥിരം പാറ്റേണിലുള്ള ചോദ്യങ്ങൾ ഒഴിവാക്കുകയും പരമാവധി വൈവിധ്യം നിലനിറുത്തുകയും വേണം. എണ്ണത്തിന്റെ കാര്യത്തിലും ഇതു പാലിക്കണം.

14 പാഠപുസ്തകബാഹ്യമായ ചോദ്യങ്ങളിൽ അവയുടെ ആശയവും നിലവാരവും പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളുമായി ബന്ധമുള്ളതാകാൻ ശ്രദ്ധിക്കണം.

15 ഓപ്പൺ എൻഡഡ് ചോദ്യങ്ങൾ എല്ലാ ചോദ്യപേപ്പറുകളിലും ഉൾപ്പെടുത്തേണ്ടതാണ്.

16 മൾട്ടി ഗ്രേഡഡും ഓപ്പൺ എന്റഡുമായ ചോദ്യങ്ങൾ നൽകുമ്പോൾ പരമാവധി സൂക്ഷ്മതയുള്ള വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കാൻ ശ്രദ്ധിക്കണം.

17 സ്കോറിന്റെ പരമാവധി 20% വരെ ചോയിസ് ഒരു ചോദ്യപേപ്പറിൽ അനുവദിക്കാവുന്നതാണ്. ഉയർന്ന ചിന്താപ്രക്രിയയുള്ള ചോദ്യങ്ങൾക്ക് ചോയ്സ് നൽകുന്നതായിരിക്കും ഉചിതം.

18 ചോയിസ് നൽകുമ്പോൾ ഉള്ളടക്ക മേഖല/ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളുടെ മേഖല, ചിന്താപ്രക്രിയ, സ്കോർ എന്നിവ വ്യത്യാസപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. കുട്ടികൾക്ക് മികവു പ്രകടിപ്പിക്കാനുള്ള അവസരമായാണ് ഇത് നൽകേണ്ടത്. ചിലഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ട് പഠിക്കാൻ ഇതുമൂലം സാഹചര്യമുണ്ടാകരുത്.

19 കൂൾ ഓഫ് ടൈം എന്ന നിലയിൽ 15 മിനിറ്റ് ഓരോ പരീക്ഷയിലും അനുവദിക്കേണ്ടതാണ്.

20. ഒരേ ചോദ്യത്തിനുള്ളിൽ ഒന്നിലധികം type കൾ ഉൾപ്പെടുത്തുന്ന ചോദ്യങ്ങളും നൽകാവുന്നതാണ്

21. ചോദ്യങ്ങൾക്ക് സ്കോർ നിശ്ചയിക്കുന്നത് ചിന്താപ്രക്രിയയുടെ നിലവാരം പരിഗണിച്ചാണ്.

22. ഉള്ളടക്കമേഖല / Co മേഖല, ചോദ്യരൂപം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ആഹൗല ജ്യശിേ വികസിപ്പിച്ചശേഷമാണ് ചോദ്യങ്ങൾ നിർമിക്കേണ്ടത്. ചോദ്യങ്ങളുടെ അപഗ്രഥനത്തിൽ ഇവയോടൊപ്പം ചിന്താപ്രക്രിയ, സ്കോർ, സമയം, എന്നിവയും ഉൾപ്പെടുത്തണം. ഭാഷാ വിഷയങ്ങളിൽ വ്യവഹാര രൂപവും അപഗ്രഥനത്തിൽ സൂചിപ്പിക്കേണ്ടതാണ്.

23. കഴിയുന്നിടത്തോളം എല്ലാ ചോദ്യങ്ങളിലും entry level , higher levels എന്നിവ ഉണ്ടായിരിക്കണം entry levelന് മിനിമം സ്കോർ നൽകണം.

24. ചോദ്യങ്ങൾ അച്ചടിക്കുമ്പോൾ ആവശ്യമായവലിപ്പമുള്ള font size ഉറപ്പാക്കാൻ ശ്രദ്ധിക്കണം ലേ ഔട്ട് ആകർഷകമാവുകയും ചിത്രങ്ങൾക്ക് വ്യക്തതയും കൃത്യതയും നൽകുകയും വേണം. Eye span, ആകർഷകത്വം എന്നിവ പരിഗണിച്ച് പേപ്പർ സൈസ് നിശ്ചയിക്കണം.

25. പാഠ്യപദ്ധതിയിൽ വ്യക്തമായ ധാരണ നേടിയവരെ മാത്രമേ ചോദ്യനിർമാണത്തിനുള്ള സമിതിയിൽ ഉൾപ്പെടുത്താൻപാടുള്ളു. കൂട്ടായ ചർച്ചയ്ക്ക് അവസരം നൽകി ചോദ്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

26. എല്ലാ ചോദ്യേപേപ്പർ നിർമാതാക്കളും ഈ പൊതു മാർഗരേഖ പിൻതുടരേണ്ടതാണ്. ഓരോ വിഷയവുമായി ബന്ധപ്പെട്ട മാർഗരേഖകൾ അതത് വിഷയങ്ങളുടെകൂടെ ചേർത്തിട്ടുണ്ട്.

**മലയാളം ചോദ്യപേപ്പർ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ**

1 പഠിതാവിന് എന്തറിയില്ല എന്ന് കണ്ടെത്തുകയാവരുത്, മറിച്ച് നിർദിഷ്ട ഭാഷാശേഷികൾ എത്രത്തോളം നേടാൻ കഴിഞ്ഞു എന്ന് കണ്ടെത്തുകയാണ് പരീക്ഷയിലൂടെ ചെയ്യേണ്ടത്.

2. കുട്ടിയുടെ ക്ലാസ്റൂം പഠനാനുഭവങ്ങളുടെ അടിത്തറ പരിഗണിച്ചാവണം ചോദ്യങ്ങൾ; ചോദ്യകർത്താവിന്റെ വൈഭവവും പാണ്ഡിത്യവും പ്രതിഫലിപ്പിക്കാനുള്ളതാവരുത്.

**ആത്യന്തിക മൂല്യനിർണയലക്ഷ്യങ്ങൾ**

1. സാഹിത്യത്തെക്കുറിച്ചുള്ള സാമാന്യധാരണ എത്രമാത്രം കൈവരിച്ചു എന്നു കണ്ടെത്തൽ.
2. ഭാഷ കൈകാര്യംചെയ്യുന്നതിലുള്ള പാടവം നിർണയിക്കൽ.
3. ഭാഷാഘടകങ്ങളെക്കുറിച്ചുള്ള സാമാന്യധാരണ കണ്ടെത്തൽ.
4. ഭാഷ, സംസ്കാരം എന്നിവ വിശകലനം ചെയ്യാനുള്ള കഴിവ് കണ്ടെത്തൽ.
5. സർഗാത്മകവും യുക്തിപൂർവവുമായി കാര്യങ്ങളെ സമീപിക്കാനും ആശയാവിഷ്കാരം നടത്താനുമുള്ള കഴിവു കണ്ടെത്തൽ.
6. നിത്യജീവിതസന്ദർഭങ്ങളിൽ ഭാഷാവ്യവഹാരങ്ങൾ പ്രയോഗിക്കൽ.

**ചോദ്യങ്ങൾ തയാറാക്കുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ**

!. പാഠബാഹ്യമായ വായനാസാമഗ്രികൾ നൽകുമ്പോൾ ആശയഗ്രഹണത്തിന് തടസമായേക്കാവുന്ന കഠിനപദങ്ങൾ ഉണ്ടെങ്കിൽ അവയുടെ അർഥം ഒപ്പം നൽകേണ്ടതാണ്. ആശയവ്യക്തതയ്ക്ക് ആവശ്യമെങ്കിൽ വിശദീകരണങ്ങളും നൽകേണ്ടതാണ്.

2. നൽകുന്ന വിവരസൂചനകൾ അടിസ്ഥാനമാക്കി ഉത്തരമെഴുതാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഉദാഹരണത്തിന്, പ്രബന്ധരചനയ്ക്ക് പൊതുവിഷയം നിശ്ചയിക്കുമ്പോൾ ആശയസൂചനകൾ നൽകണം. അവ വിശകലനം ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും ഭാഷാപരമായ മികവോടെ ഫലപ്രദമായി ആവിഷ്കരിക്കുന്നതിനുമുള്ള കഴിവായിരിക്കും വിലയിരുത്തുക. മുൻകൂട്ടി പഠിച്ചുവച്ച ഒരു പ്രബന്ധം ഓർത്തെഴുതുന്നതിനെ ഈ രീതി നിരുത്സാഹപ്പെടുത്തുന്നു. നൽകിയ സൂചനകളുടെ പരിധിയിൽ നിന്നുകൊണ്ട് അവയെ സമ്പുഷ്ടമാക്കി രചന നിർവഹിച്ചാൽ മതിയാകും.

3. ഭാഷയുടെ ഒന്നാം പേപ്പറിലും രണ്ടാം പേപ്പറിലും സമാനമായ വ്യവഹാരരൂപങ്ങൾ ഉത്തരമായി ഒരേ വർഷം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒന്നാം പേപ്പറിന്റെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളും പഠനസാമഗ്രികളും പരിഗണിച്ച് ചോദ്യങ്ങൾ തയാറാക്കുമ്പോൾത്തന്നെ ഒന്നും രണ്ടും പേപ്പറുകൾ എഴുതുന്ന ഒരേ വിഭാഗം കുട്ടികളെയും ഒപ്പം രണ്ടാം പേപ്പർ മാത്രം (മലയാളം) എഴുതുന്ന ഇതര ഭാഷകൾ ഒന്നാം പേപ്പറായി സ്വീകരിച്ചവരെയും മുന്നിൽക്കാണേണ്ടതാണ്.

4. ഭാഷാവസ്തുതകൾ ഒറ്റപ്പെടുത്തി വിലയിരുത്താൻ ശ്രമിക്കുന്നതിനു പകരം പ്രയോഗസന്ദർഭങ്ങളുമായി ബന്ധിപ്പിച്ചുനൽകാൻ ശ്രദ്ധിക്കേണ്ടതാണ് (ഉദാഹരണമായി ഒരു ഖണ്ഡിക എഡിറ്റ് ചെയ്യുന്നതിന് നിർദേശിക്കുന്നതിലൂടെ വാക്യഘടന, പദച്ചേരുവ, ഉചിതമായ പദസന്നിവേശം, ചിഹ്നനം, ഭാഷാശുദ്ധി തുടങ്ങിയവയൊക്കെ വിലയിരുത്താനാവും).

5. വായനയുടെയും ലേഖനത്തിന്റെയും പല സൂക്ഷ്മനൈപുണികളും വിലയിരുത്തുവാൻ സഹായകമായ ചോദ്യങ്ങൾ നൽകുമ്പോൾ പാഠപുസ്തകബാഹ്യമായ സാമഗ്രികൾ പ്രയോജനപ്പെടുത്തുന്നതാവും കൂടുതൽ അഭികാമ്യം.

## 1. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളുടെ പരിഗണന

പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ വിവിധ കൂട്ടങ്ങളായി തിരിച്ച് പരിഗണനാവിഭാഗങ്ങൾ നിശ്ചയിക്കുകയാണ് വേണ്ടത്. ഒരു മാതൃക ചുവടെ ചേർക്കുന്നു:

**മലയാളം പേപ്പർ 1**

- ദൈനംദിന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഉദ്ദേശ്യങ്ങൾ
- സാഹിത്യാസ്വാദനവുമായി ബന്ധപ്പെട്ടവ
- സാഹിത്യചരിത്രം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ടവ
- സർഗാത്മകസ്വഭാവമുള്ളവ
- ഭാഷാപഗ്രഥനപരമായവ
- ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടവ

**മലയാളം പേപ്പർ 2**

- ദൈനംദിന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടവ
- സാഹിത്യാസ്വാദനവുമായി ബന്ധപ്പെട്ടവ
- സർഗാത്മക സ്വഭാവമുള്ളവ
- ഭാഷാപഗ്രഥനപരമായവ
- ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടവ

## 1I. വ്യവഹാരങ്ങളുടെ (Discourse) അടിസ്ഥാനത്തിലുള്ള പരിഗണന

ഭാഷയുടെ വ്യത്യസ്ത വ്യവഹാരങ്ങൾ പരിഗണിക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. വ്യവഹാരങ്ങളുടെ വൈവിധ്യം നിലനിർത്തുന്നതിന് സമാനതകളുടെ അടിസ്ഥാനത്തിൽ ഒരു വിഭജനക്രമം സ്വീകരിക്കുകയാണ് വേണ്ടത്. ഒരു മാതൃക ചുവടെ ചേർക്കുന്നു:

**സാഹിത്യസംബന്ധിയായ വ്യവഹാരങ്ങൾ**

കഥ, കവിത, ആസ്വാദനം, കഥാപാത്രനിരൂപണം, രചനകളുടെ താരതമ്യം തുടങ്ങിയവ സർഗാത്മകതയ്ക്ക് പ്രാധാന്യമുള്ള വ്യവഹാരങ്ങളാണ്. ഇവയെ പൊതുവെ സാഹിത്യസംബന്ധിയായ വ്യവഹാരങ്ങൾ എന്നു പറയാം.

**ഭാഷാപരമായ വ്യവഹാരങ്ങൾ**

വ്യത്യസ്ത സന്ദർഭങ്ങൾക്ക് അനുയോജ്യമായ ഭാഷാമാതൃകകൾ കണ്ടെത്തൽ, ഭാഷാഘടകങ്ങളുടെ അപഗ്രഥനം, ഭാഷാപരമായ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് ഇതിലുൾപ്പെടുന്നത്.

**ആശയവിനിമയവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ**

കത്ത്, നിവേദനം, അപേക്ഷ തുടങ്ങിയ ദൈനംദിന വ്യവഹാരങ്ങൾ, അഭിമുഖസംഭാഷണം, വാർത്ത, മുഖപ്രസംഗം, ഫീച്ചർ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

**വിജ്ഞാനപരമായ വ്യവഹാരങ്ങൾ**

അക്കാദമികസ്വഭാവമുള്ള രചനകൾ, വിവരശേഖരണത്തിനുള്ള ഉപകരണങ്ങൾ തുടങ്ങിയവയാണ് ഇതിലുൾപ്പെടുന്നത്.

## III ഉള്ളടക്കവുമായി ബന്ധപ്പെട്ട പരിഗണന

### മലയാളം പേപ്പർ 1

പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകൾക്കുള്ള പരിഗണനയാണ് ഇവിടെ നൽകേണ്ടത്.

### മലയാളം പേപ്പർ 2

ഉപപാഠപുസ്തകം, സ്വതന്ത്രവ്യവഹാരങ്ങൾ എന്നിങ്ങനെ രണ്ട് പരിഗണനകളായിരിക്കും നൽകുന്നത്.

## IV ചോദ്യമാതൃക

ഉപന്യാസം, ഹ്രസ്വോത്തരം, വസ്തുനിഷ്ഠം എന്നിങ്ങനെ തരം തിരിക്കാം.

**ചിന്താപ്രക്രിയ**

ഉയർന്ന ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചോദ്യങ്ങളാണ് രൂപപ്പെടുത്തേണ്ടത്. താരതമ്യം, അപഗ്രഥനം, ഉദ്ഗ്രഥനം, വിലയിരുത്തൽ, വർഗീകരണം, ന്യായീകരണം, വ്യാഖ്യാനംതുടങ്ങിയ ചിന്താപ്രക്രിയകൾ പരിഗണിക്കുന്നതാവണം ചോദ്യങ്ങൾ. ചിന്താപ്രക്രിയകൾ കണക്കിലെടുത്താണ് സ്കോർ നിർണയിക്കേണ്ടത്.

# മാനസിക പ്രക്രിയകൾ

1 സാമ്യതയും സാമ്യതയില്ലായ്മയും കണ്ടെത്താനുള്ള കഴിവ്.

2 കാര്യകാരണബന്ധങ്ങൾ ഒരു പ്രശ്നത്തിൽ /സന്ദർഭത്തിൽ കണ്ടെത്താനുള്ള കഴിവ്.

3 ഈ ബന്ധം കണ്ടെത്തുന്നതിലൂടെ ആശയങ്ങൾ രൂപീകരിക്കാനുള്ള  കഴിവ്.

4 നേടിയ ആശയങ്ങൾ ഉപയോഗിച്ച് തരംതിരിക്കാനുള്ള കഴിവ്.

5 അനുഭവത്തെയോ സന്ദർഭത്തെയോ യുക്തിപരമായി വിശകലനംചെയ്ത് നിഗമനങ്ങൾ രൂപീകരിക്കാനുള്ള കഴിവ്.

6 നേടിയ അറിവുകളും ധാരണകളും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള കഴിവ്.

7 സന്ദർഭങ്ങൾ, വിവരങ്ങൾ, ആശയങ്ങൾ ഇവ തരം തിരിച്ച് ഓർമയിൽ സൂക്ഷിക്കാനും സന്ദർഭത്തിനനുസരിച്ച് തിരിച്ചെടുക്കാനും പുതിയവയുമായി താരതമ്യം ചെയ്യാനുമുള്ള കഴിവ്.

8 ഭാവനയിൽ കാണാനും അതിനെ ശബ്ദം, ചിത്രം എന്നിങ്ങനെയുള്ള വ്യത്യസ്ത രീതികളിൽ പ്രകടിപ്പിക്കാനുള്ള കഴിവ്.

9 മൂല്യം നിർണയിക്കാനുള്ള കഴിവ്

10 ഓർത്തുവയ്ക്കാനുള്ള കഴിവ്

## പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ

### മലയാളം പേപ്പർ - 1

1. വിവിധ നാടൻ കലാരൂപങ്ങൾ കണ്ടെത്തി ആസ്വദിക്കുന്നതിനും അവയുടെ സാഹിത്യ രൂപങ്ങൾ ശേഖരിക്കുന്നതിനും വായിച്ച് ആസ്വദിക്കുന്നതിനും
2. നാടോടി വിജ്ഞാനീയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്, അപഗ്രഥിച്ച് പ്രബന്ധ ങ്ങൾ തയാറാക്കുന്നതിന്.
3. നാടോടി സാഹിത്യത്തിൽ വിവിധ ശാഖകൾ പരിചയപ്പെടുന്നതിനും സവിശേഷതകൾ കണ്ടെത്തു ന്നതിനും
4. പിൽക്കാല സാഹിത്യത്തിൽ നാടോടി സാഹിത്യത്തിന്റെ സ്വാധീനം തിരിച്ചറിയുന്നതിന് (താളം, അലങ്കാരം, ബിംബകല്പന തുടങ്ങിയവ)
5. നാടൻ കലാകാരന്മാരുമായി അഭിമുഖം സംഘടിപ്പിച്ച് മോണോഗ്രാം തയാറാക്കുന്നതിന്
6. ഗാഥ, പാന, കിളിപ്പാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയ കാവ്യ ശാഖകളിൽപ്പെട്ട കൃതികൾ വായിച്ചാസ്വദിക്കു ന്നതിന്
7. കഥകളി, തുള്ളൽ തുടങ്ങിയ ക്ലാസിക് കലകൾ ആസ്വദിക്കുന്നതിന്
8. സമകാലീന സംഭവങ്ങളെ അടിസ്ഥാനമാക്കി തുള്ളൽപ്പാട്ടുകൾ രചിക്കുന്നതിന്
9. മലയാള സാഹിത്യത്തിന്റെ വളർച്ചയിൽ ക്ലാസിക് കലാസാഹിത്യത്തിന്റെ പങ്ക് മനസ്സിലാക്കുന്നതിനും അവ വായിച്ച് ആസ്വദിച്ച് വിലയിരുത്തുന്നതിനും.
10. നാടകം, സിനിമ തുടങ്ങിയ കലാരൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും
11. നാടകം, തിരക്കഥ തുടങ്ങിയവയുടെ ഘടനാപരമായ സവിശേഷതകൾ അറിയുന്നതിനും അവ രചി ക്കുന്നതിനും
12. ചലച്ചിത്ര നിരൂപണ ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനും അവയുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര ങ്ങളെ വിലയിരുത്തുന്നതിനും.
13. ഭക്തിപ്രസ്ഥാനത്തിന് സാമൂഹിക ജീവിതത്തിൽ ചെലുത്താൻ കഴിഞ്ഞ സ്വാധീനം കണ്ടറിയുന്ന തിന്
14. നോവൽ, ചെറുകഥ, നാടകം, കവിത തുടങ്ങിയ സാഹിത്യ രൂപങ്ങൾ വായിച്ചാസ്വദിക്കുന്നതിനും സവിശേഷതകൾ വിശകലനം ചെയ്ത് ലഘു നിരൂപണങ്ങൾ തയാറാക്കുന്നതിനും
15. വിവിധ ചെറുകഥാകൃത്തുകളുടെ രചനാ രീതികൾ കണ്ടെത്തുന്നതിന്
16. ചെറുകഥ, നോവൽ എന്നിവയുമായി ബന്ധപ്പെട്ട് ലോക സാഹിത്യം പരിചയപ്പെടുന്നതിന്
17. രചനാ ശില്പശാലകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത് രചനകൾ നടത്തുന്നതിന്
18. ക്ലാസ്സ് - സ്കൂൾ കൈയെഴുത്തുമാസികകൾക്ക് ആവശ്യമായ രചനകൾ തയാറാക്കുന്നതിനും, അന്യ രുടെ രചനകൾ പരിശോധിച്ച് പ്രസിദ്ധീകരണത്തിന് തയാറാകുന്നതിനും.
19. കൈയെഴുത്തു മാസികകൾ രൂപകല്പന ചെയ്തു പ്രസിദ്ധീകരിക്കുന്നതിന്
20. ലോകസാഹിത്യവുമായും ഭാരതീയസാഹിത്യവുമായും പരിചയപ്പെടുന്നതിന്
21. കാവ്യഭാഗങ്ങളിലെ ചമത്ക്കാരഭംഗി, ധ്വനി, ഔചിത്യം, ബിംബകല്പനകൾ തുടങ്ങിയ അംശങ്ങൾ കണ്ടെത്തി ആസ്വദിക്കുന്നതിനും സ്വന്തം രചനകളിൽ ഇവയുടെ ഉചിതമായ പ്രയോഗം നടത്തുന്നതിനും

23. ആത്മകഥ, ജീവചരിത്രം, സഞ്ചാര സാഹിത്യം എന്നീ വിഭാഗങ്ങളിലെ പ്രമുഖ രചനകൾ കണ്ടെത്തി വിലയിരുത്തുന്നതിനും നിരൂപണം ചെയ്യുന്നതിനും

24. ജീവചരിത്രം, യാത്രാവിവരണങ്ങൾ എന്നിവ രചിക്കുന്നതിനും മറ്റുള്ളവരുടെ രചനകൾ പരിശോധിച്ച് വിലയിരുത്തുന്നതിനും

25. ശാസ്ത്രം , സാമൂഹ്യശാസ്ത്രം, പരിസ്ഥിതി, ജനസംഖ്യാശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട കൃതികൾ പരിശോധിച്ച് വിവരശേഖരണം നടത്തുന്നതിനും പ്രബന്ധങ്ങൾ തയാറാക്കി സ്വന്തം നിലപാടുകളോടെ ചർച്ചകളിലും സെമിനാറിലും അവതരിപ്പിക്കുന്നതിനും.

26. കത്ത്, നിവേദനം, വാർത്ത, ഫീച്ചർ തുടങ്ങിയവ തയാറാക്കുന്നതിനും മറ്റുള്ളവർ തയാറാക്കിയവ പരിശോധിച്ച് വിലയിരുത്തുന്നതിനും.

27. ആവശ്യമായ തയാറെടുപ്പുകളോടെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങളിൽ പങ്കെടുക്കുന്നതിനും അത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനും

28. സാമൂഹികനന്മയെ ലക്ഷ്യമാക്കിയുള്ള പ്രചാരണപ്രവർത്തനങ്ങൾക്കായി നോട്ടീസുകൾ പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ തയാറാക്കുകയും മറ്റുള്ളവർ തയാറാക്കിയവ പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നതിന്.

29. വാണിജ്യവുമായി ബന്ധപ്പെട്ട പരസ്യങ്ങൾ പരിശോധിച്ച് വിലയിരുത്തുന്നതിനും രൂപപ്പെടുത്തുന്നതിനും

30. വിവിധ വാമൊഴിരൂപങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുന്നതിന്

31. ശബ്ദോൽപത്തിയുമായി ബന്ധപ്പെട്ട നിയമങ്ങൾ അപഗ്രഥിക്കുന്നതിനും സന്ധി നിയമങ്ങളുമായി താരതമ്യം ചെയ്യുന്നതിനും

32. വിവിധ പദവിഭാഗങ്ങൾ തരം തിരിക്കുന്നതിനും അവയ്ക്കാസ്പദമായ വ്യാകരണ നിയമങ്ങൾ കണ്ടെത്തുന്നതിനും.

33. മലയാളഭാഷയുടെ വാക്യഘടനയെ സംബന്ധിച്ച നിയമങ്ങൾ കണ്ടെത്തുന്നതിന്.

34. ഭാഷയുടെ അർഥതലവുമായി ബന്ധപ്പെട്ട സവിശേഷതകൾ കണ്ടെത്തുന്നതിന്.

35. കവിതയുടെ താളത്തിനാധാരമായ വൃത്ത നിയമങ്ങൾ കണ്ടെത്തുന്നതിന്

36. സാമൂഹ്യ സാംസ്കാരിക പശ്ചാത്തലത്തിൽ സാഹിത്യകൃതികളെ വിലയിരുത്തുന്നതിനും ആസ്വദിക്കുന്നതിനും

37. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഭാഷാ വ്യവഹാരങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന്.

38. പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് കാറ്റലോഗുകൾ തയാറാക്കുന്നതിന്

39. പ്രസംഗവേദികളിലും മറ്റുമുള്ള അവതരണം (compairing), കലാപരിപാടികളുമായി ബന്ധപ്പെട്ട ആമുഖവിവരണം എന്നിവ തയാറാക്കുന്നതിന്

40. കായിക വിനോദങ്ങളുമായി ബന്ധപ്പെട്ട വിവരണങ്ങൾ തയാറാക്കുന്നതിന്.

41. കേരളീയ ഗാനപാരമ്പര്യത്തിന്റെയും ദ്രാവിഡസാഹിത്യത്തിന്റെയും ധാരകൾ പരിചയപ്പെടുന്നതിനും പിൽക്കാല സാഹിത്യത്തിൽ അവയുടെ അംശങ്ങൾ അന്വേഷിക്കുന്നതിനും

# മലയാളം

## STANDARD - X
## PAPER I

### പാഠ്യപദ്ധതി പ്രസ്താവനകൾക്കുള്ള ആപേക്ഷിക മൂല്യം

| നം. | പാഠ്യപദ്ധതി മേഖല | ചോദ്യങ്ങളുടെ എണ്ണം | ഓരോന്നിന്റെയും സ്കോർ | ആകെ | ശതമാനം |
|---|---|---|---|---|---|
| 1. | ഭാഷാ പ്രയോഗവുമായി ബന്ധപ്പെട്ടവ | 2 | 5 5 | 10 | |
| 2. | സാഹിത്യചരിത്രവുമായി ബന്ധപ്പെട്ടവ | 2 | 5 2 | 7 | |
| 3. | ഭാഷാപഗ്രഥനവുമായി ബന്ധപ്പെട്ടവ | 2 | 3 2 | 5 | |
| 4. | സർഗാത്മക മേഖലയുമായി ബന്ധപ്പെട്ടത് | 1 | 5 | 5 | |
| 5. | ആസ്വാദനവുമായി ബന്ധപ്പെട്ടത് | 4 | 5, 5, 5, 8 | 23 | |

### ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക മൂല്യം

| നം. | ചോദ്യമാതൃക | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് | ശതമാനം |
|---|---|---|---|---|
| 1. | വസ്തുനിഷ്ഠ മാതൃക | 3 | 7 | 14 |
| 2 | ഹ്രസ്വോത്തരം | 7 | 35 | 70 |
| 3 | ഉപന്യാസം | 1 | 8 | 16 |

# മാതൃകാ ചോദ്യപ്പേപ്പർ

## FIRST LANGUAGE

## മലയാളം

## പേപ്പർ -I

സ്റ്റാൻഡേർഡ് X — സ്കോർ - 50

സമയം 1 ½ മണിക്കൂർ

---

**പൊതു നിർദേശങ്ങൾ**

- ആകെ 11 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്.
- നിർദ്ദേശങ്ങൾ പൂർണമായി വായിച്ചു നോക്കുക.
- ഉത്തരങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. ക്രമപ്പെടുത്തുക — 2

ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവനകൾ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന കവികളുമായി ബന്ധപ്പെട്ടവയാണ്. കാലക്രമമനുസരിച്ച് ബന്ധപ്പെട്ട കവികളുടെ പേര് ക്രമീകരിച്ച് എഴുതുക.

- സ്വാതന്ത്ര്യസമരകാലത്ത് കാവ്യരചന നടത്തിയിട്ടും കേരളീയ സമൂഹത്തെ ബാധിച്ചിരുന്ന ജാതീയത മുഖ്യ പ്രശ്നമായി കണ്ടു.
- ഉറക്കുപാട്ടിന്റെ താളത്തിൽ രചിച്ച ഒറ്റക്കാവ്യം കൊണ്ട് മലയാള കാവ്യ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.
- ഫലിത പരിഹാസങ്ങളിലൂടെ സാമൂഹിക വിമർശനത്തിന് കവിതയെ പ്രയോജനപ്പെടുത്തി.
- ചിതറിക്കിടന്നിരുന്ന കേരളീയ സമൂഹത്തെ ആത്മീയ ശക്തികൊണ്ടും ഭാഷ കൊണ്ടും ഏകീകരിക്കാൻ കഴിയുമെന്ന് തെളിയിച്ചു.

2. ചോദ്യങ്ങൾ നിർമിക്കുക — 3

ഇന്നലെ രാത്രി വീശിയടിച്ച ശക്തമായ കാറ്റിൽ നഗരത്തിലെ വൻ മരങ്ങൾ കടപുഴകി.

- ഈ വാക്യത്തിലെ പ്രധാന ആശയങ്ങൾ ഉത്തരമായി വരത്തക്ക വിധത്തിൽ മൂന്നു ചോദ്യങ്ങൾ തയാറാക്കുക.

3. താരതമ്യം ചെയ്ത് കുറിപ്പെഴുതുക — 5

'വാങ്മയ മൂർത്തിയുടെ നൃത്ത വിലാസത്തിന് - അത് പദ്യമാകട്ടെ ഗദ്യമാകട്ടെ - താളവും ലയവും കൂടിയേ തീരൂ' - ഗുപ്തൻ നായരുടെ ഈ അഭിപ്രായം ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിന് യോജിക്കുന്നുണ്ടോ? താരതമ്യം ചെയ്ത് നിങ്ങളുടെ അഭിപ്രായം സൂചനകളായി അവതരിപ്പിക്കുക.

'ഞാൻ കുട്ടിയുടെ കൂടെ അമ്പലത്തിലേക്കു പുറപ്പെട്ടു. കുട്ടി പട്ടുടുപ്പിട്ടുണ്ട്. കണ്ണെഴുതീട്ടുണ്ട്. കവിളത്ത് കുട്ടിക്കൂറ പൂശിയിട്ടുണ്ട്. നാം ഈശ്വരന്റെ മുമ്പിൽ മോടിയിൽ ചെല്ലണം, ഈ നല്ല ദിവസത്തിലെങ്കിലും, അമ്പലത്തിൽ നിന്നു കിട്ടിയ പ്രസാദം കുറിയിട്ട് പായസവുമായി മടങ്ങുമ്പോഴാണ് ഷഷ്ടിപൂർത്തിക്കമ്മറ്റിക്കാർ എന്നെ അന്വേഷിച്ചു വരുന്നത്.

4. ഓർമക്കുറിപ്പെഴുതുക — 5

'തേനാളും കനിയൊന്നും തിരിഞ്ഞു നോക്കീടാതെ
ഞാനാകും പുളിങ്ങയെയെങ്ങനെ കാമിച്ചു നീ"- എന്ന 'വിഷുക്കണി' യിലെ കവിയുടെ ചോദ്യത്തിന് ആസ്പദമായ സന്ദർഭം കവിപത്നിയുടെ ഓർമക്കുറിപ്പിന്റെ രൂപത്തിൽ ആവിഷ്ക്കരിക്കുക.

5. ആമുഖവിവരണം തയാറാക്കുക — 5

'ശകുനപ്പിഴ തവ ജനിതം' എന്ന പാഠം പരിചയപ്പെടുത്തുന്നതിനായി ആ ഭാഗം സ്കൂളിൽ അവതരിപ്പിക്കുന്നു. ആമുഖ വിവരണം തയാറാക്കേണ്ടത് നിങ്ങളാണ്. (കലാരൂപം, കൃതി, കഥാസന്ദർഭം എന്നിവ പരിചയപ്പെടുത്താനുള്ള ആമുഖ വിവരണം).

6. അപഗ്രഥിക്കുക. സന്ദേശമെഴുതുക 5

ചുണ്ടിലൂറും നിഗൂഢസ്മിതത്തിനാൽ
തെല്ലു നേരമെൻ കൺകളിൽ നോക്കിയും
പിന്നെ മെല്ലെയെൻ ഹസ്തം മടക്കിയും
ചൊല്ലിയെന്നോടു കാക്കാലനിങ്ങനെ

ജീവിതം നുണയാകുന്ന കാലത്ത്
നേര് സർവർക്കുമപ്രിയമാകുന്നു!
നേരു ചൊല്ലിക്കുലം മുടിക്കാതെന്റെ
നേരിലൂടെ നടന്നിറങ്ങട്ടെ ഞാൻ”

– കവിത വായിച്ചുവല്ലോ. കവിതയിൽ പ്രതിഫലിക്കുന്ന സാമൂഹിക വീക്ഷണം എന്താണ്? ഇതിനെ ആസ്പദമാക്കി കേരളപ്പിറവി ദിനത്തിൽ വായിക്കാനുള്ള സന്ദേശം തയാറാക്കുക. 2

7. താളം കണ്ടെത്തുക
മുകളിൽ കൊടുത്തിരിക്കുന്ന കവിതയുടെ താളത്തിലുള്ള വരികൾ എടുത്തെഴുതുക.

‘നമ്മുടെ മാതാവ് കൈരളി പണ്ടൊരു
പൊൻമണിപ്പൈതലായ് വാണകാലം’

സത്യമല്ലാത്ത വാക്കുപേക്ഷിക്കുക.
വ്യർഥ ഭാഷ്യം ചമയ്ക്കാതിരിക്കുക.

‘പുതുവഴി വെട്ടാൻ പോകുന്നവരോ
പല പല നോമ്പുകൾ നോറ്റീടേണം’

8. മാനദണ്ഡങ്ങൾ നിശ്ചയിക്കുക 5

സ്കൂൾ സാഹിത്യസമിതി പ്രസിദ്ധീകരിക്കുന്ന നിരൂപണപ്പതിപ്പിലേക്ക് ധാരാളം രചനകൾ ലഭിച്ചു. മികച്ച രചനകൾ തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കണം. നിങ്ങൾ കവിതാ നിരൂപണങ്ങൾ തിരഞ്ഞെടുക്കാനുള്ള സമിതിയിലെ അംഗമാണ്. മാനദണ്ഡങ്ങൾ നിശ്ചയിച്ചാണല്ലോ മികവ് തീരുമാനിക്കുന്നത് മാനദണ്ഡങ്ങൾ തയാറാക്കുക.

9. വാർത്ത ചുരുക്കി തയാറാക്കുക 5

നൽകിയിരിക്കുന്ന വാർത്തയുടെ ചുരുക്കം സ്കൂൾ വാർത്താ ബോർഡിൽ പ്രദർശിപ്പിക്കുവാൻ ചുവടെ നൽകിയിരിക്കുന്ന രീതിയിൽ മലയാളത്തിൽ എഴുതുക.

. . . . . . . . . . . . . . . . . .

- 
- 
- 
- 
- 
- 

**Permanent mechanism for Onam week fete**

**To attract more tourists to the state**

***Staff Reporter***

**THIRUVANANTHAPURAM** : The Government would consider setting up a permanent mechanism to organise Tourism-Onam week celebrations in the State and to make it more attractive to the tourists, Minister for Home and Tourism has said.

Presiding over the meeting convened at Durbar Hall of the Secretariat here on Wednesday, the Minister said Organising Onam week celebrations in a better way would enable the State to attract tourists in large numbers. Onam week celebrations would also enable the stakeholders of the tourism industry to attract domestic tourists.

Minister urged all concerned to look into how the celebrations can be organised without much expenditure and to rope in more people. The Minister also stressed the need to organise cultural events that are unique to the State and to find more sponsors. The support and co-operation of the residents associations, traders, cultural organisations and Government departments should be sought for the celebrations. The legislators would head various committees that would be involved in organising the celebrations.

10. കുറിപ്പ് തയാറാക്കുക 5

'വയലിലേക്കു ചെല്ലൂ കർഷകർ സംസാരിക്കുന്നത് ശ്രദ്ധിക്കൂ' - ഗാന്ധിജി കവിതയ്ക്കു നൽകിയ ഉപദേശമാണിത്. കാവ്യ ഭാഷയെ സംബന്ധിക്കുന്ന ഈ ഉപദേശം ചുവടെ നൽകിയിരിക്കുന്ന എഴുത്തച്ഛന്റെ കവിതയിൽ പ്രതിഫലിക്കുന്നുണ്ടോ? നിങ്ങളുടെ ന്യായീകരണങ്ങൾ എഴുതി സമർഥിക്കുക.

'ഇങ്ങനെ കരയുമ്പോൾ പൈതങ്ങളുര ചെയ്താ-
രെങ്ങാനും പൊയ്ക്കൊൾകമ്മേ ! നീ കൂടെ മരിക്കേണ്ടാ
ഞങ്ങൾ ചാകിലോപിന്നെപ്പെറ്റു സന്തതിയുണ്ടാ-
മെങ്ങനെയുണ്ടാകുന്നു നീ കൂടെ മരിക്കിലോ?
ഞങ്ങളെ സ്നേഹിച്ചു നീ സന്താനം മുടിക്കേണ്ടാ
മംഗലം വന്നു കൂടും പിന്നെയുമെന്നേ വരൂ.

11. ആസ്വാദനം തയാറാക്കുക 8

സ്ലെയിറ്റേ, സ്ലെയിറ്റേ
പെൻസിലേ, പെൻസിലേ
നാളെ നേരം വെളുക്കുമ്പോഴേക്കും
ഈ കണക്കെല്ലാം ചെയ്തു വച്ചാൽ
നിങ്ങൾക്കു ഞാനൊരു പാലൈസ് വാങ്ങിത്തരാം
ഒന്നല്ലാ രണ്ടുപേർക്കും ഓരോന്ന്

കണക്കെങ്ങാൻ തെറ്റിച്ചു ചതിച്ചാൽ,
സ്ലെയിറ്റേ നിന്നെ ഞാൻ എറിഞ്ഞു പൊട്ടിക്കും
പെൻസിലേ നിന്നെ ഞാൻ കുത്തിപ്പൊട്ടിക്കും.

എനിക്കേ കണക്കറിയാഞ്ഞിട്ടൊന്നുമല്ല,
ഉറക്കം വന്നിട്ടുമല്ല,
ഈ പ്ലേറ്റായ പ്ലേറ്റൊക്കെ കഴുകിവച്ചില്ലെങ്കിൽ
ഈ പാത്രത്തിലൊക്കെ വെള്ളം നിറച്ചില്ലെങ്കില്
അവരൊക്കെകൂടി
എന്നെ
സമ്മന്തിയരയ്ക്കില്ലേ

സ്ലെയിറ്റേ സ്ലെയിറ്റേ
പെൻസിലേ പെൻസിലേ

- *മോഹന കൃഷ്ണൻ കാലടി*

കവിത വായിച്ച് ഇതിൽ പ്രതിഫലിക്കുന്ന സാമൂഹിക വീക്ഷണം ഉൾക്കൊണ്ട് ആസ്വാദനം തയാറാക്കുക.

അല്ലെങ്കിൽ

കഥയ്ക്ക് ആസ്വാദനക്കുറിപ്പു തയാറാക്കുക.

## വിളി

ഓർമ്മയുടെ തുടക്കം ആ വിളിയുടെ തുടക്കവുമാണ്, "ബോധവ്രതാ!" അപ്പോഴൊക്കെയും താൻ മറുപടി പറഞ്ഞു. "ഇതാ ഞാൻ വരുന്നു!"

"ബോധവ്രതാ!" അമ്മ വിളിച്ചു, അച്ഛൻ വിളിച്ചു, അധ്യാപകൻ വിളിച്ചു, കൂട്ടുകാർ വിളിച്ചു. അപ്പോഴൊക്കെയും താൻ പറഞ്ഞു. "ഞാനിതാ വരുന്നു!"

ഭാര്യ വിളിച്ചു, മകൻ വിളിച്ചു, മകൾ വിളിച്ചു, അവരുടെ മക്കൾ വിളിച്ചു, ആ വിളികളത്രയും ബോധവ്രതന്റെ അറിവ് സ്ഥിരപ്പെടുത്തി, ഞാൻ!

ഓരോ രാത്രിയും ഉറങ്ങാൻ കിടക്കുമ്പോൾ അവസാനത്തെ ചിന്ത ഇതായിരുന്നു, ഇത് ഞാനാണ്.

രാത്രിയെ പകലും പകലിനെ രാത്രിയും പിന്നിട്ടു. അലസമായ ഈ ആവർത്തനം ബോധവ്രതന് പരിചിതമായി.

എന്നാൽ അവസാനം ഒരു രാത്രി മറ്റു രാത്രികളിൽ നിന്നെല്ലാം വിഭിന്നമാണെന്ന് ബോധവ്രതനറിഞ്ഞു. പുറത്തെ മരപ്പടർപ്പിൽ നിന്ന് അസാധാരണമായ ഒരു ശബ്ദം വിളിച്ചു, "ബോധവ്രതാ!"

ബോധവ്രതൻ മറുപടി പറഞ്ഞില്ല.

രാത്രി പുലർന്നെങ്കിൽ എന്ന് ബോധവ്രതൻ ആശിച്ചു. രാത്രി പുലർന്നില്ല. മരപ്പടർപ്പിൽ നിന്ന് ആ ശബ്ദം വീണ്ടും വിളിച്ചു.

ചിലന്തിവലപോലെ നേർത്ത ഒരു പട്ടുനൂല് ബോധവ്രതനുമേൽ ചുറ്റിപ്പിടിച്ചു. തട്ടിമാറ്റിയിട്ടും അതിനെ കളയാൻ അയാൾക്കു കഴിഞ്ഞില്ല. മരപ്പടർപ്പിലെ അപരിചിതൻ കനിവോടെ ചിരിച്ചു.

അപരിചിതൻ പറഞ്ഞു, "അത് മനസ്സിലാക്കിത്തരുവാൻ തന്നെയാണ് ഞാൻ നിന്നെ വിളിച്ചത്."

## ചോദ്യങ്ങളുടെ അപഗ്രഥനം

| നം. | പാഠ്യപദ്ധതി മേഖല | വ്യവഹാരരൂപം | ചോദ്യ മാതൃക | മാനസിക പ്രക്രിയ | സ്കോർ | സമയം |
|---|---|---|---|---|---|---|
| 1 | സാഹിത്യചരിത്രം | പട്ടിക | വസ്തുനിഷ്ഠം | 10, 3 | 2 | 2 |
| 2 | അപഗ്രഥനം | ചോദ്യം | വസ്തുനിഷ്ഠം | 3, 6 | 3 | 4 |
| 3 | ഭാഷാപഗ്രഥനം | കുറിപ്പ് | ലഘൂത്തരം | 3, 4 | 5 | 8 |
| 4 | സർഗാത്മകം | ഓർമ്മക്കുറിപ്പ് | ലഘൂത്തരം | 3, 8, 2 | 5 | 8 |
| 5 | സാഹിത്യചരിത്രം | കുറിപ്പ് | ലഘൂത്തരം | 2, 7 | 5 | 7 |
| 6 | ആസ്വാദനം, ഭാഷാപ്രയോഗം | സന്ദേശം | ലഘൂത്തരം | 1, 4, 8 | 5 | 10 |
| 7 | ഭാഷാപഗ്രഥനം | സന്ദേശം | വസ്തുനിഷ്ഠം | 1, 4 | 2 | 2 |
| 8 | ഭാഷാപ്രയോഗം | സൂചനകൾ | ലഘൂത്തരം | 2, 7 | 5 | 8 |
| 9 | ഭാഷാപ്രയോഗം | സൂചനകൾ | ലഘൂത്തരം | 3, 6 | 5 | 8 |
| 10 | സാഹിത്യാസ്വാദനം | കുറിപ്പ് | ലഘൂത്തരം | 2, 3, 7, 9 | 5 | 8 |
| 11 | സാഹിത്യാസ്വാദനം | ഉപന്യാസം | ഉപന്യാസം | 2, 3, 5, 6, 7, 9 | 8 | 25 |
| | ” | ” | ” | ” | ” | ” |

# മലയാളം

സ്റ്റാൻഡേർഡ് X

സ്കോർ - 50

സമയം 1 ½ മണിക്കൂർ

## മൂല്യനിർണയസൂചിക

| നമ്പർ | | സ്കോർ | ആകെ |
|---|---|---|---|
| 1. | രണ്ടെണ്ണം രൂപപ്പെടുത്തുന്നതിന്<br>നാലെണ്ണം ക്രമപ്പെടുത്തുന്നതിന് | 1<br>2 | 2 |
| 2. | ഒരു ചോദ്യത്തിന് ഒരു സ്കോർ (1 x 3) | 3 | 3 |
| 3. | കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നതിന്<br>ആശയങ്ങൾ രൂപീകരിക്കുന്നതിന്<br>നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന്<br>സമർഥിക്കുന്നതിന് | 1<br>1<br>1<br>2 | 5 |
| 4. | സന്ദർഭം ഓർമിക്കുന്നു<br>ഓർമക്കുറിപ്പിന്റെ ഭാഷ (വൈകാരികം)<br>ആശയം ക്രമീകരിച്ച് ഘടന പാലിക്കുന്നു | 1<br>2<br>2 | 5 |
| 5. | കലാരൂപത്തെക്കുറിച്ച്<br>കൃതിയെക്കുറിച്ച്<br>കഥാസന്ദർഭം<br>ആമുഖ വിവരണത്തിന്റെ ഘടന (ആശയക്രമീകരണം)<br>ആമുഖ വിവരണത്തിന്റെ ഭാഷ | 1<br>1<br>1<br>1<br>1 | 5 |
| 6. | കവിത വിശകലനം ചെയ്യുന്നു<br>സാമൂഹിക വീക്ഷണം കണ്ടെത്തുന്നു.<br>സന്ദേശത്തിന്റെ ഘടന<br>സന്ദേശത്തിന്റെ ഭാഷ | 2<br>1<br>1<br>1 | 5 |
| 7. | സമാനതാളമുള്ള വരി കണ്ടെത്തുന്നു. | 2 | 2 |
| 8. | ഉചിതമായ ഒരു മാനദണ്ഡത്തിന് 1 സ്കോർ 1x 4<br>ക്രമീകരണത്തിന് (മുൻഗണനാക്രമത്തിൽ) | 4<br>1 | 5 |
| 9. | വാർത്തയുടെ ആശയം ഉൾക്കൊണ്ടു<br>സൂചനകളായി അവതരിപ്പിക്കുന്നതിന്<br>ഒരു സൂചനയ്ക്ക് അര സ്കോർ<br>മലയാളഭാഷയുടെ തനിമ | 2<br>2<br><br>1 | 5 |
| 10. | കാര്യകാരണബന്ധം കണ്ടെത്തുന്നു.<br>ആശയങ്ങൾ രൂപീകരിക്കുന്നു<br>താരതമ്യം ചെയ്യുന്നു<br>മൂല്യം നിർണയിക്കുന്നു | 1<br>1<br>1<br>2 | 5 |
| 11. | കവിതയുടെ/കഥയുടെ ആശയം വിശകലനം ചെയ്യുന്നു.<br>കാര്യകാരണ ബന്ധം<br>ആശയങ്ങൾ രൂപീകരിക്കുന്നു<br>മൂല്യം നിർണയിക്കുന്നു.<br>നിഗമനങ്ങൾ അവതരിപ്പിക്കുന്നു.<br>ഉപന്യാസത്തിന്റെ ഘടന പാലിക്കുന്നു | 3<br>1<br>1<br>1<br>1<br>1 | 8 |